# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.875 05.03.2018 ൽ മറുപടിക്ക്**

**റോഡുകളിലെ ഡ്രെയിനേജ് സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പല റോഡുകളും ശരിയായ ഡ്രെയിനേജ് സംവിധാനം ഇല്ലാത്തത് കാരണം നിരന്തരമായി തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്തെ പല റോഡുകളും ശരിയായ ഡ്രെയിനേജ് സംവിധാനം ഇല്ലാത്തത് കാരണം നിരന്തരമായി തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | ബി) | നിലവിൽ പുനരുദ്ധാരണം നടത്തുന്ന റോഡുകളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് ഓടകൾ നിർമ്മിക്കുന്നുണ്ട്. കൂടാതെ മഴക്കാല പൂർവ്വ പ്രവൃത്തികളിലും മഴക്കാല ശേഷ പ്രവൃത്തികളിലും ഉൾപ്പെടുത്തി നിലവിലെ ഓടകളിലെ അവശിഷ്ടങ്ങൾ മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| സി) വെള്ളം ഒഴുകുന്നതുകാരണം നിരന്തരമായി തകരുന്ന റോഡുകളിൽ ടാറിനു പകരം കോൺക്രീറ്റ് ടൈലുകൾ വിരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | സി) | വെള്ളം ഒഴുകുന്നതുകാരണം നിരന്തരമായി തകരുന്ന റോഡുകളിൽ ടാറിനു പകരം കോൺക്രീറ്റ് ടൈലുകൾ വിരിയ്ക്കുന്ന സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്. ഇത് മുഖേന വെള്ളക്കെട്ടുള്ള റോഡിന്റെ തകർച്ചയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ